സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യം

45 [1566] ശ്രീ. എ. കെ. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ച എസ്.സി./എസ്.ടി. വിദ്യാർത്ഥികളിൽ നിന്ന് വാങ്ങുന്ന ഫീസ് ജസ്റ്റിസ് കെ. ടി. തോമസ് നിർദ്ദേശിച്ച ഫീസ് തന്നെയാണോ;

(ബി) എങ്കിൽ ഈ ഫീസ് നൽകാൻ കഴിയാത്ത വിദ്യാർത്ഥികളുടെ പഠനം നിർത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ വിദ്യാർത്ഥികളിൽ നിന്ന് ഗവൺമെന്റ് കോളേജിൽ നിശ്ചയിച്ച ഫീസ് മാത്രം വസൂലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ച പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ, ജസ്റ്റിസ് കെ. ടി. തോമസ് കമ്മിറ്റി നിർദ്ദേശിച്ച ഫീസ് തന്നെയാണ് നൽകേണ്ടത്. എന്നാൽ ഇവർ നൽകേണ്ട തുക പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് കോളേജുകൾക്ക് നൽകുന്നതാണ്.

(ബി) ഇല്ല.

(സി) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ നൽകേണ്ട ജസ്റ്റിസ് കെ. ടി. തോമസ് കമ്മിറ്റി നിർദ്ദേശിച്ച നിരക്കിലുള്ള ഫീസ് 2-7-2005-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം. 28/05/പ.ജാ/പ.വ.വി.വ. പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പാണ് നൽകുന്നത്.

സ്വാശ്രയ മേഖലയിൽ അനുവദിച്ച ടി.ടി. ഐ.-കളും ബി.എഡ് കോഴ്സുകളും

46 [1567] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സ്വാശ്രയമേഖലയിൽ എത്ര ടി.ടി.ഐ.-കളും ബി.എഡ്. കോഴ്സുകളും അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) മേൽ അനുവദിച്ച സ്വാശ്രയ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ നിയന്ത്രണത്തിലുള്ള ടി.ടി.ഐ., ബി.എഡ്. സ്ഥാപനങ്ങളിൽ നിന്നും കൂടി ടീച്ചേഴ്സ് ട്രെയിനിംഗ് പൂർത്തിയാക്കി എത്രപേർ ഓരോ വർഷവും പുറത്തുവരുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഓരോ വർഷവും ശരാശരി എത്ര അദ്ധ്യാപക തസ്തികകളിലാണ് ഒഴിവ് വരാറുള്ളതെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly